ഹയർ സെക്കൻഡറി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ,
തിരുവനന്തപുരം.

**EX-II/1/14608/HSE/IMP/2017** തീയതി : **06/07/2017**

# <u>സർക്കുലർ</u>

വിഷയം :- ഹയർ സെക്കന്ററി ഒന്നാംവർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷ ജൂലൈ 2017 - കമ്പാർട്ട്മെന്റൽ വിഭാഗം വിദ്യാർത്ഥികൾക്ക് - പരീക്ഷാഫീസടയ്ക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചത് അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. 12/06/2017-ലെ ഇതേ നമ്പർ വിജ്ഞാപനം.
2. 29/06/2017-ലെ ഇതേ നമ്പർ സർക്കുലർ

ജൂലൈയിൽ നടക്കുന്ന ഒന്നാംവർഷ ഹയർ സെക്കന്ററി ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന കമ്പാർട്ട്മെന്റൽ വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസടയ്ക്കുന്നതിനുള്ള തീയതി സൂചന(2) പ്രകാരം 04/07/2017 വരെ ദീർഘിപ്പിച്ചിരുന്നു. എന്നാൽ 2017 ജൂണിൽ നടന്ന സേ പരീക്ഷയിൽ വിജയിക്കാത്ത വിദ്യാർത്ഥികൾക്ക്കൂടി ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടതിനാൽ കമ്പാർട്ട്മെന്റൽ വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസ് ഒടുക്കി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാനുള്ള തീയതി 12/07/2017 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

ഈ വർഷം മുതൽ കമ്പാർട്ട്മെന്റൽ വിദ്യാർത്ഥികൾക്ക് ഒറ്റത്തവണ രജിസ്ട്രേഷനായതിനാൽ പരീക്ഷയെഴുതുന്ന വിഷയത്തിന്റെ ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷാഫീസും, മാർച്ച് 2018-ലെ രണ്ടാംവർഷ ഹയർ സെക്കന്ററി പരീക്ഷാഫീസും ഒന്നിച്ച് ഒടുക്കേണ്ടതാണ്.

കമ്പാർട്ട്മെന്റൽ വിദ്യാർത്ഥികൾക്ക് ഫീസ് ഒടുക്കി, പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തീയതി - 12/07/2017

പ്രിൻസിപ്പൽമാർ ട്രഷറികളിൽ ഫീസൊടുക്കുന്നതിനുള്ള അവസാന തീയതി - 13/07/2017

പ്രിൻസിപ്പൽമാർ സ്കൂളുകളിൽ നിന്നും കമ്പാർട്ട്മെന്റൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള അവസാന തീയതി - 14/07/2017

**ഒപ്പ്/-**
**ജോയിന്റ് ഡയറക്ടർ (പരീക്ഷാവിഭാഗം)**
**&**
**സെക്രട്ടറി**
**ബോർഡ് ഓഫ് ഹയർ സെക്കന്ററി എക്സാമിനേഷൻസ്**